**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 342** **28-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കിഫ്ബിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്വന്തമായി കൺസൾട്ടൻസി സർവീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായി 5 വർഷം കൊണ്ട് പദ്ധതികൾ കണ്ടെത്തുക, പ്രൊപ്പോസലുകൾ തയ്യാറാക്കുക, പദ്ധതി രേഖയുടെ വിലയിരുത്തൽ, ഗുണമേന്മ ഉറപ്പുവരുത്തൽ, പദ്ധതികൾക്കായുള്ള ധന സമാഹരണം, പദ്ധതി നിർവ്വഹണം എന്നീ മേഖലകളിൽ പ്രകടമായ വൈദഗ്ധ്യം കൈവരിക്കാൻ കിഫ്ബിക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ ദേശീയ/അന്തർ ദേശീയ ധനകാര്യ സ്ഥാപനങ്ങൾ പിൻതുടരുന്ന മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ട് സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന പ്രക്രിയയുടെ ഉന്നത നിലവാരത്തിനായി കിഫ്ബി അശ്രാന്തം പരിശ്രമിച്ചു വരുന്നു. പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന പരിപാടികൾ, ആനുകാലിക വിശകലനങ്ങൾ എന്നിവ നടത്തുന്നതിനും കിഫ്ബി നിരന്തരം പരിശ്രമിക്കുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വ്യത്യസ്ത മേഖലകളിൽ കൺസൽട്ടൻസി ലഭ്യമാക്കുന്ന ചുരുക്കം ചില ഏജൻസികൾ സംസ്ഥാന തലത്തിലും ദേശീയ തലത്തിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും അടിസ്ഥാന വികസന പദ്ധതികൾക്ക് അനുയോജ്യമായി എല്ലാ മേഖലകൾക്കും അവശ്യമായ കൺസൽറ്റൻസി ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ പരിമിതമാണ്. ഈ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെയും, കിഫ്ബിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ഭാഗമായാണ് സ്വന്തമായി കൺസൾട്ടൻസി സർവീസ് തുടങ്ങുന്നതിനുള്ള ഒരു പ്രൊപ്പൊസൽ കിഫ്ബിയുടെ 42 ാമത് ബോർഡ് യോഗത്തിൽ സമർപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ആയതിന് പ്രാരംഭ അനുമതി ബോർഡ് നൽകുകയും ചെയ്തത്. |
| (ബി) | സംസ്ഥാനത്തിനകത്ത് കിഫ്ബിയുടേതല്ലാത്ത പദ്ധതികൾക്കും സംസ്ഥാനത്തിന് പുറത്ത് എല്ലാ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കും വിദഗ്ധോപദേശം, പ്രൊഫഷണൽ പരിശീലനം എന്നീ സേവനങ്ങൾ നൽകാൻ കിഫ്ബി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | മേൽ മറുപടിയിൽ വിശദീകരിച്ചതു പോലെ കിഫ്ബിയിൽ ഒരു കൺസൾട്ടൻസി വിംങ് തുടങ്ങുന്നതിനുള്ള അനുമതി കിഫ്ബിയുടെ 42ാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആയതിന്റെ വെളിച്ചത്തിൽ കിഫ്ബിയിൽ ഒരു കൺസൾട്ടൻസി വിംഗ് രൂപീകരിക്കുന്നതിന് 14.09.2021 ൽ എഫ്.എ3/3271/2021/കിഫ്ബി എന്ന നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് കിഫ്ബി കൺസൾട്ടൻസിയുടെ പ്രാരംഭ ലക്ഷ്യം. 1) ടേൺകീ (Turn Key) അടിസ്ഥാനത്തിൽ വികസനത്തിന്റെ മുഖച്ഛായ മാറ്റുന്ന ബൃഹത് പദ്ധതികൾ പ്രോജക്റ്റ് മാനേജ്മെന്റ് സർവ്വീസ് ലഭ്യമാക്കുക. 2)അടിസ്ഥാന സൗകര്യ വികസന പദ്ധതി നടത്തിപ്പിന് കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് കൺസൾട്ടൻസി സേവനം ലഭ്യമാക്കുക 3)പൊതു മേഖലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും ആവശ്യമായ കപ്പാസിറ്റി ബിൽഡിംഗ് ലഭ്യമാക്കുക 4)ധനസമാഹരണ മാതൃകകൾ രൂപപ്പെടുത്തുന്നതിന് സഹായകമായ സേവനം ലഭ്യമാക്കുക. 5)അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് ഉൾപ്പെടുത്തികൊണ്ടുള്ള ധന റിസ്ക് മാനേജ്മെന്റ് സേവനം. 6)എൻവയോൺമെന്റൽ & സോഷ്യൽ ഗവർണൻസിൽ അധിഷ്ഠിതമായ മാതൃകകൾ അവലംബിക്കുന്നതിന് സഹായം നൽകുക. 7)റോഡ് ഡിസൈൻ, ആശുപത്രികൾ, ഗുണനിലവാര പരിശോധന മുതലായ മേഖലകളിലെ നൂതന സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കായിട്ടുള്ള അഡ്വൈസറി സേവനം ലഭ്യമാക്കുക. കിഫ്ബിയുടെ കൺസൾട്ടൻസി വിഭാഗം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ടി വിങിന്റെ ഫംഗ്ഷണൽ ഹെഡ് ആയി കിഫ്ബിയുടെ അഡീഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ ഒരു ബിസിനസ് പ്ലാൻ നിയുക്ത വിങിന്റെ ചുമതലയുള്ള ഓഫീസർ തയ്യാറാക്കി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ബോർഡിന്റെ അംഗീകാരത്തോടു കൂടി ടി കൺസൽട്ടൻസി മുഖേന ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾക്ക് കൂടുതൽ വ്യക്തത വരുകയുള്ളു. |
| (സി) | വൈദ്യുതി വിതരണ, പ്രസരണ രംഗത്ത് കിഫ്ബി ഏറ്റെടുത്ത പദ്ധതികൾക്കായി നവരത്ന പൊതുമേഖലാ സ്ഥാപനമായ റൂറൽ | (സി) | സംസ്ഥാനത്തെ ഊർജ മേഖലയിലെ 13 ട്രാൻസ്മിഷൻ പദ്ധതികൾക്കായി നവരത്ന പൊതുമേഖലാ സ്ഥാപനമായ റൂറൽ |

| | | | |
|---|---|---|---|
| | ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ് വായ്പ നൽകുവാൻ ധാരണയായിട്ടുണ്ടോ; വിശദമാക്കാമോ; | | ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ് 4000 കോടിയുടെ വായ്പ നൽകുവാൻ ധാരണയായിട്ടുണ്ട്. ഇതിനായുള്ള കിഫ്ബിയുടെ അപേക്ഷ ആർ ഇ സി അംഗീകരിച്ചു. 8.8 % ന്റെ ഫിക്സഡ് നിരക്കിൽ 7 വർഷമാണ് വായ്പാ കാലാവധി. ഇതിൽ ആദ്യ 2 വർഷം തിരിച്ചടവിന് മൊറൊട്ടോറിയം ലഭ്യമായിട്ടുണ്ട്. പിന്നീട്ടുള്ള 5 വർഷം കൊണ്ട് വായ്പാ തുക തിരിച്ചടച്ചാൽ മതിയാകും. |
| (ഡി) | റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ് നൽകുന്ന വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലയളവ് എന്നിവയിൽ തീരുമാനമായിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്തെ ഊർജ്ജ മേഖലയിലെ 13 ട്രാൻസ്മിഷൻ പദ്ധതികൾക്കായി നവരത്ന പൊതുമേഖലാ സ്ഥാപനമായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ് 4000 കോടിയുടെ വായ്പ നൽകുവാൻ ധാരണയായിട്ടുണ്ട്. ഇതിനായുള്ള കിഫ്ബിയുടെ അപേക്ഷ ആർ ഇ സി അംഗീകരിച്ചു. 8.8 % ന്റെ ഫിക്സഡ് നിരക്കിൽ 7 വർഷമാണ് വായ്പാ കാലാവധി. ഇതിൽ ആദ്യ 2 വർഷം തിരിച്ചടവിന് മൊറൊട്ടോറിയം ലഭ്യമായിട്ടുണ്ട്. പിന്നീട്ടുള്ള 5 വർഷം കൊണ്ട് വായ്പാ തുക തിരിച്ചടച്ചാൽ മതിയാകും. |
| (ഇ) | കിഫ്ബിയുടെ പ്രവർത്തനങ്ങളിലൂടെ ആഭ്യന്തര വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക രംഗം സജീവമാക്കാൻ പര്യാപ്തമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഇ) | (ഇ) കിഫ്ബിയുടെ പ്രവർത്തനങ്ങളിലൂടെ ആഭ്യന്തര വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക രംഗം സജീവമാക്കാൻ പര്യാപ്തമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? സംസ്ഥാനത്തെ അതീവ പ്രാധാന്യമർഹിക്കുന്ന വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെ സ്ഥാപിതമായ കിഫ്ബി ഇന്ന് സംസ്ഥാന സർക്കാരിന്റെയും ഇതര സർക്കാർ ഏജൻസികളുടെയും സാമൂഹിക - ഭൗതിക വികസന പദ്ധതികളുടെയെല്ലാം നെടുനായകത്വം വഹിച്ചു വരികയാണ്. വരുമാനദായകവും അല്ലാത്തതുമായ നിരവധി വൻകിട പദ്ധതികൾക്ക് ധനാനുമതി നൽകുകയും ഗുണനിലവാരത്തോടെ സമയബന്ധിതമായി അവ നടപ്പിലാക്കുന്നുവെന്നത് ഉറപ്പു വരുത്തുക വഴി കിഫ്ബി കേരളത്തിന്റെ വികസന പന്ഥാവിൽ പുതു ചരിത്രമെഴുതുകയാണ്. കിഫ് ബോർഡ് ഇതുവരെ 64,338 കോടി രൂപയുടെ 918 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ 20,000 കോടി രൂപ ചെലവ് വരുന്ന 6 വൻകിട ഭൂമിയേറ്റെടുക്കൽ പദ്ധതികളും ഉൾപ്പെടുന്നു. സെപ്റ്റംബർ 2021 വരെ കിഫ്ബിയിൽ നിന്നും പദ്ധതി നിർവ്വഹണത്തിനായി 14,110 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബോർഡ് അംഗീകരിച്ച 64,338 കോടി രൂപയുടെ പദ്ധതികളിൽ നാളിതുവരെ 3155 കോടി രൂപയുടെ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. 17,125 കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും 15,716.63 കോടി രൂപയുടെ പദ്ധതികൾ അവാർഡ് ചെയ്തിട്ടുമുണ്ട്. കിഫ്ബിയുടെ അസറ്റ് -ലയബിലിറ്റി മാനേജ്മെന്റ് പ്രോഗ്രാമിന്റെ കണക്കുകൂട്ടലനുസരിച്ച് 2022, 2023 വർഷങ്ങളിലായി ഏകദേശം 20,000 കോടി രൂപ പദ്ധതി ചെലവുകൾക്കായി വിനിയോഗിക്കേണ്ടി വരും. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര വിപണിയെ ചലനാത്മകമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുമെന്നുറപ്പാണ്. പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തിക രംഗത്തെ കോവിഡ് മഹാമാരി കൂടുതൽ തകർച്ചയിലേക്ക് തള്ളിവിട്ട ഇന്നത്തെ സാഹചര്യത്തിൽ കിഫ്ബി വഴിയുള്ള വികസന പ്രവർത്തനം വിപണിയുടെ ക്രയശേഷിയെ പതിന്മടങ്ങ് വർദ്ധിപ്പിക്കാൻ സഹായകമാവും. സമൂഹത്തിന്റെ വിവിധ തലങ്ങളെ സ്പർശിക്കുന്ന ഈ സാമ്പത്തിക ഉത്തേജനം അന്തിമമായി സംസ്ഥാനത്തിന്റെ സാമ്പത്തിക പുനരുജ്ജീവനത്തിനും കാരണമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമെ നിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൻ കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. സെബിയും ആർ.ബി.ഐയും അംഗീകരിച്ച നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനനുയോജ്യമായ രീതിയിൽ ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 ൽ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വൻകിട നിർമ്മാണ മേഖലകളായ റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ കിഫ്ബി ചുവടുറപ്പിച്ചുകഴിഞ്ഞു.

കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികളിൽ റോഡുകൾ ,പാലങ്ങൾ, ഫ്ളൈഓവറുകൾ, അണ്ടർപാസ്സുകൾ, ഫിഷിംഗ് ഹാർബറുകൾ, സുവോളജിക്കൽ പാർക്കുകൾ , വിദ്യഭ്യാസം - തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജലവിതരണ പദ്ധതികൾ, ട്രാൻസ്ഗ്രിഡ്, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ഹോസ്പിറ്റൽ, കൊച്ചിൻ ഇന്നോവേഷൻ സോൺ, ആലപ്പുഴ കനാൽ ജലഗതാഗത നവീകരണം, സ്റ്റേഡിയങ്ങൾ , മൊബിലിറ്റി ഹബ്, സംസ്കാരിക സമുച്ചയങ്ങൾ, തീയേറ്റർ കോംപ്ലക്സ്, ടൂറിസം പദ്ധതികൾ, ഇൻഡസ്ട്രിയൽ പാർക്കുകൾ, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കൽ , കാർഷിക വാണിജ്യവത്കരണം ലക്ഷ്യമിടുന്ന അഗ്രോ പാർക്കുകൾ, കൊച്ചി-നഗര പുനരുജ്ജീവനത്തിനായുള്ള സംയോജിത ജലഗതാഗത പദ്ധതി, അതിവേഗ ഇന്റർനെറ്റ് പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക്, ഐ ടി പാർക്കുകളുടെ അടിസ്ഥാന സൗകര്യവികസനം, തുടങ്ങിയവ ഉൾപ്പെടുന്നു. ഇവയെല്ലാം സംസ്ഥാനത്തിന്റെ സമ്പദ്ഘടനക്ക് ഉത്തേജനം നല്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ്.

ഗതാഗത മേഖലയിലുള്ള അടിസ്ഥാന സൗകര്യ വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണായക പങ്ക് വഹിക്കുന്നു. ചരക്കു നീക്കത്തിനും യാത്രാ സൗകര്യത്തിനും വഴിയൊരുക്കുന്ന റോഡുകൾ അടിസ്ഥാന സൗകര്യ വികസനത്തിന് അത്യന്താപേക്ഷിതമാണ്. അനുദിനം വർദ്ധിക്കുന്ന റോഡ് ഗതാഗതത്തിനു പരിഹാരം കണ്ടെത്തുന്നതിനും റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും പുതിയ റോഡുകളും, പാലങ്ങളും, ബൈപ്പാസ്സുകളും കിഫ്ബിയിലൂടെ നടപ്പിലാക്കി വരുന്നു.

വിദ്യാഭ്യാസം -തൊഴിൽ നൈപുണ്യത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വഴി നമ്മുടെ നാടിന്റെ സാമൂഹിക, സാംസ്കാരിക പുരോഗതിക്ക് വഴി ഒരുക്കുന്നു. തൊഴിൽ എടുക്കാൻ പ്രാപ്തിയുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്തമുള്ള പൗരൻമാരെ വാർത്തെടുക്കുന്നതിലും വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്.

ഒരു ജനവിഭാഗത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയിൽ പൊതുജനാരോഗ്യത്തിന്റെ പങ്ക് വളരെ വലുതാണ്. ജനങ്ങളുടെ ആയുരാരോഗ്യ സൗഖ്യമാണ് ഏതൊരു സമൂഹത്തിന്റെയും വളർച്ചയുടെയും പുരോഗതിയുടെയും പ്രമുഖ അളവുകോലിൽ ഒന്ന്. പൊതുജനാരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങളുടെ വിപുലീകരണത്തിനും ഉള്ള പദ്ധതികൾ കിഫ്ബിയിലൂടെ നടപ്പിലാകുന്നുണ്ട്. ഇത് വഴി ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ സാധിക്കും.

സംസ്ഥാനത്തിന്റെ സാമൂഹിക - സാമ്പത്തിക പുരോഗതിയിൽ വ്യാവസായങ്ങൾക്കുള്ള പങ്ക് നിർണായകമാണ്. ഏറ്റവും വലിയ തൊഴിൽ മേഖലകളിലൊന്ന് എന്ന നിലയിൽ ദാരിദ്ര്യ നിർമാർജനത്തിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വ്യവസായങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. കേരളത്തെ ഒരു മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുക എന്ന ദീർഘവീക്ഷണത്തിലാണ് വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നത്.

സംസ്ഥാനത്തു അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത പൂർത്തീകരിക്കുന്നതിനായി നാം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള സ്വകാര്യനിലയങ്ങൾ ഉൾപ്പെടെയുള്ള സ്രോതസുകളെ ആശ്രയിക്കുന്നുണ്ട്. രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന

ട്രാൻസ്ഗ്രിഡ് എന്ന വൈദ്യുത പ്രസരണ ബൃഹത് പദ്ധതി സംസ്ഥാനത്തെ വൈദ്യുത പ്രസരണ സംവിധാനങ്ങളുടെ ഒരു സംയോജിത പ്രവർത്തനം സാധ്യമാക്കും.

സംസ്ഥാനത്തിന്റെ വികസനത്തിൽ വിവരസാങ്കേതികവിദ്യ മേഖലയിലുള്ള പ്രാധാന്യം കണക്കിലെടുത്ത് ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഒപ്പം ഐ.ടി അധിഷ്ഠിത വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും, ഇതുവഴി ജനങ്ങൾക്ക് തൊഴിലും, വിദേശ നിക്ഷേപം വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഒരു ഡിജിറ്റൽ സൂപ്പർ ഹൈവേ നിർമ്മിച്ചെടുക്കുന്നതിനായി കേരള ഫൈബർ ഒപ്റ്റിക്സ് നെറ്റ്-വർക്ക് പദ്ധതി കിഫ്ബി നടപ്പിലാക്കുന്നു. സംസ്ഥാനത്തിന്റെ നെറ്റ്-വർക്കായി പ്രവർത്തിക്കുകയും ഡിജിറ്റൽ രംഗത്ത് പുതിയ വികസന - കമ്പോള സാദ്ധ്യതകൾ പ്രദാനം ചെയ്യുവാനും ഈ പദ്ധതിക്ക് സാധിക്കും. സംസ്ഥാനത്തിന്റെ സാമ്പത്തികപുരോഗതിക്ക് ഗണ്യമായ സംഭാവനകൾ നൽകുന്ന ഒരു മേഖലയാണ് വിനോദസഞ്ചാരം. വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ വഴി വരുമാന വർധനവിനും വിദേശ വിനിമയത്തിനും വഴിയൊരുക്കുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും .

പദ്ധതികൾക്ക് വേണ്ടി വരുന്ന തുകയെല്ലാം മുൻകൂട്ടി സമാഹരിച്ച വെക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലെവറേജിങ്' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്നമുറക്ക് അവയ്ക്ക് പണം നൽകുന്നതിനു ആവശ്യമായ രീതിയിലാണ് കിഫ്ബി ധനസമാഹാരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസം കാലയളവിലേക്കുള്ള ബില്ലുകൾ കൊടുക്കുന്നതിന് ആവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. ഇക്കാര്യം ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC) ആറു മാസത്തിലൊരിക്കൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കമ്മീഷൻ നൽകുന്ന ഫിഡിലിറ്റി സർട്ടിഫിക്കറ്റ് ബഡ്ജറ്റ് ഡോക്യുമെന്റിനോടൊപ്പം നിയമസഭയിൽ സമർപ്പിക്കുന്നു.

അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും, സാംസ്കാരികവും, ആരോഗ്യ, വിദ്യഭ്യാസ, വ്യവസായിക

മേഖലകളുടെ വികസനം സാധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്ത രീതി മാന്ദ്യ കാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്. ഈ അനുഭവ സമ്പത്ത് പ്രയോജനപ്പെടുത്തിക്കൊണ്ട് കൺസൾട്ടൻസി സർവ്വീസ് തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ